# റമദാൻ
# അനർഘനിമിഷങ്ങൾ ധന്യമാക്കുക

ബഷീർ തൃപ്പനച്ചി

عَنْ أبى هُريرة قَالَ: قَالَ رَسُولُ اللهِ ﷺ أتاكُمْ رَمَضَانُ شَهْرٌ مُبَارَكٌ فَرَضَ اللهُ
عَلَيْكُم صِيَامَهُ ، تُفْتَحُ فيه أَبْوَابُ السَّمَاءِ ، وَتُغْلَقُ فِيه أَبْوَابُ الجحيم وَتُغَلُّ
فِيهِ مَرَدَةُ الشَّيَاطِينِ ، لِلّهِ فِيهِ لَيْلَةٌ خَيْرٌ مِنْ أَلْفِ شَهْرٍ ، مَنْ حُرِمَ خيرُهَا فَقَدْ حُرِمَ

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. റസൂൽ(സ) പറഞ്ഞു: "റമദാൻ സമാഗതമായിരിക്കുന്നു. അനുഗൃഹീതമായ ഒരു മാസമാണത്. അതിൽ വ്രതമനുഷ്ഠിക്കൽ അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. അതിൽ ആകാശത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും നരകത്തിന്റെ വാതിലുകൾ അടക്കപ്പെടുകയും പിശാചുക്കൾ ബന്ധനസ്ഥരാവുകയും ചെയ്യുന്നതാണ്. റമദാൻ മാസത്തിൽ ആയിരം മാസങ്ങളേക്കാൾ അനുഗൃഹീതമായൊരു രാത്രിയുണ്ട്. ആ രാത്രിയുടെ പുണ്യം ആർക്കെങ്കിലും നഷ്ടപ്പെട്ടാൽ അവനത് നഷ്ടമായതുതന്നെ" (അഹ്മദ്, നസാഈ)**

അല്ലാഹു അവന്റെ ദാസന്മാർക്കായി പ്രത്യേകം തെരഞ്ഞെടുത്ത അനുഗൃഹീത മാസമാണ് റമദാൻ. റമദാന്റെ സവിശേഷതകളും ലൈലത്തുൽ ഖദ്റിന്റെ മഹത്വവും വ്യക്തമാക്കുകയാണ് ഈ നബിവചനത്തിൽ. റമദാന്റെ നന്മകൾ ഒരു കാരണവശാലും പാഴാക്കിക്കളയരുതെന്ന മുന്നറിയിപ്പും ഹദീസിലുണ്ട്.

റമദാനിലെ പോലെ ദൈവാനുഗ്രഹങ്ങൾ നിറഞ്ഞൊഴുകുന്ന സമയവും കാലവുമില്ല. പുണ്യങ്ങളുടെ പൂക്കാലവും അനുഗ്രഹങ്ങളുടെ പെരുമഴക്കാലവുമാണത്. പാപങ്ങൾ പൊറുക്കപ്പെടാനുള്ള സുവർണാവസരം എന്നതാണ് റമദാന്റെ ഏറ്റവും വലിയ സവിശേഷത. "ആരെങ്കിലും വിശ്വാസത്തോടും പ്രതിഫലേഛയോടും റമദാനിൽ നോമ്പനുഷ്ഠിച്ചാൽ അവന്റെ മുൻകാല പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്" (ബുഖാരി, മുസ്‌ലിം). റമദാനിലെ നോമ്പനുഷ്ഠിച്ചിട്ടും ഈ സൗഭാഗ്യം നേടാൻ സാധിക്കാത്തവർ ദൗർഭാഗ്യവാന്മാരാണ്. നബി(സ) അത് തുറന്ന് പറഞ്ഞിട്ടുണ്ട്: "റമദാൻ വന്ന് കിട്ടിയിട്ടും പാപങ്ങൾ പൊറുക്കപ്പെടാത്തവൻ ദൈവകാരുണ്യത്തിൽനിന്ന് ബഹുദൂരം അകന്നുപോകട്ടെ. ഈ മാസം ഒരാളുടെ പാപങ്ങൾ പൊറുക്കപ്പെട്ടിട്ടില്ലെങ്കിൽ പിന്നീടെപ്പോഴാണ് അവന്റെ പാപങ്ങൾ പൊറുക്കപ്പെടുക?" (ത്വബ്റാനി).

എങ്ങനെയാണ് പാപമോചനവും റമദാന്റെ അനുഗ്രഹങ്ങളും ലഭിക്കുക? പകലന്തിയോളം അന്നപാനീയങ്ങൾ വെടിഞ്ഞതുകൊണ്ട് മാത്രം അവ ലഭിക്കുന്നതല്ല. നോമ്പിന്റെ അനുഗ്രഹങ്ങളെല്ലാം കർമങ്ങളിലേക്ക് ചേർത്താണ് റസൂൽ(സ) പറഞ്ഞിട്ടുള്ളത്. "ആരെങ്കിലും റമദാനിൽ വിശ്വാസത്തോടും പ്രതിഫലേഛയോടും കൂടി നിന്ന് നമസ്കരിച്ചാൽ അവന്റെ മുൻ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്" (ബുഖാരി, മുസ്‌ലിം). റമദാനിൽ നബി(സ)യുടെ പ്രവർത്തനങ്ങളുടെ സ്വഭാവത്തെക്കുറിച്ച് ആഇശ(റ) പറയുന്നതിൽ നിന്നത് കൂടുതൽ വ്യക്തമാകും. "റമദാൻ വന്നെത്തിയാൽ നബിയിൽ ഭാവവ്യത്യാസമുണ്ടാവുകയും അവിടുത്തെ ദൈവഭയം അതിജാഗ്രത്താവുകയും ചെയ്യാറുണ്ടായിരുന്നു. നമസ്കാരങ്ങൾ അധികരിപ്പിക്കുകയും പ്രാർഥനകളിൽ മുഴുകുകയും ചെയ്യാറുണ്ടായിരുന്നു" (ബൈഹഖി).

പ്രാർഥനകൾക്ക് ഉത്തരം നൽകപ്പെടുന്നു എന്നതാണ് റമദാനിലെ മറ്റൊരു അനുഗ്രഹം. നബി(സ) പറഞ്ഞു: "റമദാനിൽ അല്ലാഹുവിനെ സ്മരിച്ച് കഴിയുന്നവന്റെ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. ആ മാസത്തിൽ അല്ലാഹുവിനോട് പ്രാർഥിക്കുന്നവൻ നിരാശനാകുന്നതല്ല" (ത്വബ്റാനി). കർമങ്ങൾക്ക് ആയിരമിരട്ടി പ്രതിഫലം ലഭിക്കുന്ന ലൈലത്തുൽ ഖദ്ർ അല്ലാഹു വിശ്വാസികൾക്കായി ഒരുക്കിവെച്ചതും റമദാനിലാണ്. ഇങ്ങനെ റമദാൻ മുഴുവൻ അനുഗ്രഹങ്ങളുടെ അനർഘ നിമിഷങ്ങളായതുകൊണ്ടാണ് നബി(സ) ഇങ്ങനെ പറഞ്ഞത്: "റമദാന്റെ ശ്രേഷ്ഠതകളെയും മഹത്വങ്ങളെയും കുറിച്ച് ദൈവദാസന്മാർ അറിഞ്ഞിരുന്നുവെങ്കിൽ വർഷം മുഴുവൻ റമദാനായിരുന്നെങ്കിലെന്ന് എന്റെ സമുദായം കൊതിച്ചു പോവുമായിരുന്നു" (ത്വബ്റാനി).

റമദാൻ വന്നണയുന്നതിന് മുമ്പേ അതിലെ അനുഗ്രഹങ്ങൾ വാരിക്കൂട്ടാൻ വിശ്വാസികൾ കൃത്യമായ മുന്നൊരുക്കങ്ങൾ നടത്തേണ്ടിയിരിക്കുന്നു. ■